# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2777** **21.06.2012 ൽ മറുപടിക്ക്**

**ലോകോത്തര നിലവാരത്തിലുള്ള റോഡുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. പി.റ്റി. എ.റഹീം:<br>ശ്രീമതി കെ.എസ്. സലീഖ:<br>ശ്രീ. വി.ശിവൻകുട്ടി: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത്വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ 1000 കി.മീ. റോഡുകൾ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തിയ വിൽബർസ്മിത്ത് അസോസിയേറ്റ്സിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇതിനുള്ള ചെലവ് എത്രയായിരുന്നു; ഈ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. ഇതിന്റെ ചെലവ് സർവ്വീസ് നികുതി ഉൾപ്പടെ 88,65,764/ രൂപയാണ്. ഈ റിപ്പോർട്ടിൽ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള റീഹാബിലിറ്റേഷൻ പാക്കേജിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലാണ്. |
| (ബി) ഇതിന്റെ നടത്തിപ്പിനാ - യുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനിയുടെ രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്, ഇതിന്റെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുമോ ? | (ബി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 - കിലോമീറ്റർ റോഡുകളുടെ നവീകരണം ലക്ഷ്യമിട്ടുകൊണ്ട് 'റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്' എന്ന പേരിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക, പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ രേഖ തയ്യാറാക്കുക, പദ്ധതിക്കാവശ്യമായ സാമ്പത്തിക വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുക, പൊതു-സ്വകാര്യ പങ്കാളിത്ത ത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക എന്നിവയാണ് കമ്പനിയുടെ പ്രവർത്തന രീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും. താഴെപ്പറയുന്നവർ ഉൾപ്പെടുന്നതാണ് കമ്പനിയുടെ ഡയറക്ടർ ബോർഡ്. |

1. പൊതുമരാമത്ത് വകുപ്പ് മന്ത്രി
2. നിയമവകുപ്പ് സെക്രട്ടറി
3. ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
4. പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
5. റവന്യൂ വകുപ്പ് സെക്രട്ടറി
6. മുഖ്യമന്ത്രിയുടെ സെക്രട്ടറി
7. പൊതുമരാമത്ത് വകുപ്പ് (പാതകളും പാലങ്ങളും)ചീഫ് എഞ്ചിനീയർ
8. കേരള റോഡ് ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പ്രസ്തുത കമ്പനിയുടെ പ്രവർത്തനം 29.05.2012 ന് ബഹു. മുഖ്യമന്ത്രി ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയുണ്ടായി.

സെക്ഷൻ ഓഫീസർ